## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1861** **07.12.2015 - ൽ മറുപടിയ്ക്ക്**

## സർക്കാർ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്

**ചോദ്യം**
**ശ്രീ. സാജു പോൾ**

**ഉത്തരം**
**ശ്രീ. ഉമ്മൻചാണ്ടി**
**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി), (സി) & (ഡി) | എല്ലാ സർക്കാർ ജീവനക്കാർക്കും തിരിച്ചറിയൽ കാർഡ് അനുവദിച്ചിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനായി പ്രവൃത്തി സമയങ്ങളിൽ നെയിംബാഡ്ജ്/ നെയിംബോർഡ് കർശനമായും ധരിക്കണമെന്നും കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് 19.09.2015 ലെ 13671/എ.ആർ 13(2)/2015/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ ; | | |
| (ഡി) | ഏതൊക്കെ വകുപ്പുകളിലാണ് നിലവിൽ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ആയതിന്റെ കാരണവും അറിയിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

**നമ്പർ 13671/എ.ആർ.13(2)/2015/ഉ.ഭ.പ.വ.**

*തീയതി, തിരുവനന്തപുരം 2015 സെപ്റ്റംബർ 19.*

### സർക്കുലർ

വിഷയം:—ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനായി നെയിംബോർഡ്/നെയിം ബാഡ്ജ് ധരിക്കണമെന്ന—നിർദ്ദേശം—സംബന്ധിച്ച്.

ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനായി നെയിംബോർഡ്/നെയിം ബാഡ്ജ് ധരിക്കണമെന്ന ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് പരാതി ലഭിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുന്നു.

എല്ലാ സർക്കാർ ജീവനക്കാർക്കും ഐഡന്റിറ്റി കാർഡ് ലഭ്യമാണ്. എന്നാൽ ആയത് മിക്കവരും ധരിക്കാറില്ല. മിക്ക ഓഫീസർമാർക്കും നെയിം ബോർഡും ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ജീവനക്കാർ പ്രവൃത്തി സമയങ്ങളിൽ ഐഡന്റിറ്റി കാർഡ് കർശനമായി ധരിക്കേണ്ടതാണ്. ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിക്കുന്നു.

**ഇ. കെ. മാജി, ഐ. എ. എസ്.**
*പ്രിൻസിപ്പൽ സെക്രട്ടറി.*

[മറുപുറം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ
സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ
വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി, ദൃശ്യ
മാദ്ധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.